**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2503** **27-02-2023 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സിമന്റ്, കല്ല്, കമ്പി, മണൽ തുടങ്ങിയ അടിസ്ഥാന വസ്തുക്കളുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത വില വർദ്ധനവ് കൃത്രിമമായി സൃഷ്ടിക്കുന്നതാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം കൃത്രിമമായി സൃഷ്ടിക്കുന്നതാണെന്ന ആരോപണം പരിശോധിച്ചിട്ടില്ല. |
| (സി) | നിർമ്മാണ വസ്തുക്കളുടെ കൃത്രിമമായ വിലക്കയറ്റം മൂലം സാധാരണക്കാർക്ക് ലൈഫ് മിഷൻ പോലുള്ള പദ്ധതികളിൽ നിന്ന് ലഭിക്കുന്ന വീടുകളുടെ നിർമ്മാണം മുടങ്ങുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നിർമ്മാണ വസ്തുക്കളുടെ കൃത്രിമമായ വിലക്കയറ്റം മൂലം സാധാരണക്കാർക്ക് ലൈഫ് മിഷൻ പോലുള്ള പദ്ധതികളിൽ നിന്ന് ലഭിക്കുന്ന വീടുകളുടെ നിർമ്മാണം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള നിർമ്മിതി കേന്ദ്രത്തിന്റെ നിയന്ത്രണത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രം എന്ന നിലയിൽ *കലവറ* പ്രവർത്തിച്ചു വരുന്നുണ്ട്. ഇവിടെ നിന്നും 750 ചതുരശ്രയടി വരെ തറവിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന, സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഗുണഭോക്താക്കൾക്കും പരമാവധി 65 ബാഗ് സിമന്റും 625 കിലോഗ്രാം കമ്പിയും 15% വരെ സൗജന്യ നിരക്കിൽ നൽകി വരുന്നു. നിലവിൽ വിവിധ ജില്ലകളിലായി 15 കലവറകൾ പ്രവർത്തിക്കുന്നു. കൂടുതൽ കലവറ ഔട്ട്-ലെറ്റുകൾ ആരംഭിക്കുന്നതിന് നിർമ്മിതി കേന്ദ്രം നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത വിലക്കയറ്റം നിയന്ത്രിക്കുന്നതിനും നിരന്തരമായി നിരീക്ഷിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം മൂലം സംസ്ഥാനത്ത് നിർമ്മാണ മേഖലയിലുണ്ടാകുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സിമന്റ്, സ്റ്റീൽ ഉൽപാദകരുടെയും ഡീലർമാരുടെയും യോഗം വിളിക്കുകയും വില |

| | | | |
|---|---|---|---|
| | | | കുറയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കേരള സർക്കാർ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡ് ന്യായമായ വിലയിൽ കേരളത്തിലുടനീളം സിമന്റ് വിപണനം നടത്തി വരുന്നു. നിർമ്മാണ മേഖലയിൽ സിമന്റിന്റെ ഉപയോഗം ഏകദേശം 5% മാത്രമാണ്. അസംസ്കൃത വസ്തുക്കളുടെ വില ഗണ്യമായി വർദ്ധിച്ചുവെങ്കിലും മലബാർ സിമന്റ്സിന്റെ വിൽപ്പന വില താരതമ്യേന കുറവാണ്. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ ഉൽപ്പന്നമായ വൈറ്റ് സിമന്റിന്റെ വില കഴിഞ്ഞ 4 വർഷമായി വർദ്ധിപ്പിച്ചിട്ടില്ല. കേന്ദ്രനയങ്ങളുടെ ഭാഗമായി ഉണ്ടാവുന്ന വിലവർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്. |

സെക്ഷൻ ഓഫീസർ